# ദൈവത്തെ മറക്കുന്നവർ

(സുവിശേഷ പ്രസംഗ സംഗ്രഹം *)

---

* തിരുനക്കര മൈതാനം, കോട്ടയം, 18-2-1995

# ദൈവത്തെ മറക്കുന്നവർ

## (സുവിശേഷ പ്രസംഗ സംഗ്രഹം)

"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന് കാൺമാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു" [സങ്കീർത്തനങ്ങൾ 53:2]

സകലതും അന്വേഷിക്കുവാനുള്ള പ്രവണത മനുഷ്യനിൽ സ്വതവേ ഉണ്ട്. പൂർവ്വകാലങ്ങളിൽ ദൂരദർശിനിയിൽകൂടി നടത്തിയ ശാസ്ത്രാന്വേഷണങ്ങളാണ് പിൽക്കാലത്ത് മനുഷ്യനെ ഗ്രഹങ്ങളിൽ കൊണ്ടെത്തിച്ചത്. സാഹിത്യത്തിൽ നടത്തുന്ന അന്വേഷണങ്ങളാണ് പുസ്തകങ്ങളായി വിശ്വഗ്രന്ഥശാലകളെ നിറച്ചിരിക്കുന്നത്. നിത്യ ജീവിതത്തിൽ തന്നെ മനുഷ്യൻ അന്വേഷണ തത്പരനാണ്. യേശുക്രിസ്തു പറഞ്ഞ ഒരു ഉപമയിൽ ഒരുവന് തന്റെ ആടിനെയോ, കാളയെയോ കാണാതെ വന്നാൽ അവൻ അതിനെ അന്വേഷിച്ച് കണ്ടെത്തുവാൻ ശ്രമിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നു. മനുഷ്യന്റെ സ്വഭാവത്തിൽ നിന്നും ഈ അന്വേഷണ പ്രവണതയെ ഒഴിച്ചു നിർത്തുവാൻ കഴിയുകയില്ല എന്നാണ് മനസ്സിലാകുന്നത്.

എന്നാൽ എല്ലാം അന്വേഷിക്കുവാൻ വെമ്പൽ കൊള്ളുന്ന മനുഷ്യൻ, അവന്റെ ഉള്ളിൽ നിന്നും നഷ്ടപ്പെട്ടുപോയ ആത്മീകമൂല്യം അന്വേഷിക്കുവാൻ മിനക്കെടാറില്ല. ആത്മീക ജീവിതത്തിന്റെ മൂല്യം, ലക്ഷ്യം ആത്മീക ജീവിതത്തിന്റെ

തകർച്ചയുടെ കാരണം ഇതിനെക്കുറിച്ചൊന്നും അന്വേഷിക്കുവാൻ അവൻ തയ്യാറല്ല.

- ദൈവത്തെ മറക്കുന്നവർ -

'ആത്മിക ജീവിതം' എന്നത് ദൈവികതയിൽ നിന്നും രൂപം കൊള്ളേണ്ടതാണ്. എന്നാൽ ദൈവത്തെ മറക്കുന്നവനാണ് മനുഷ്യൻ, അതിൽ മുന്നിൽ നിൽക്കുന്നത് നിരീശ്വരവാദികളാണ്. മഹാനായ എബ്രഹാം ലിങ്കൺ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: ''ഈ ഭൂമിയിലേക്ക് നോക്കി ഭൗതികമായതുമാത്രം കണ്ടുകൊണ്ടിരിക്കുന്ന ഒരുവൻ ദൈവം ഇല്ല എന്ന് പറഞ്ഞേക്കാം. എന്നാൽ ഉയരങ്ങളിലേക്ക് നോക്കി നക്ഷത്രങ്ങളും ആകാശസംവിധാനവും കണ്ടിട്ട് ദൈവം ഇല്ല എന്ന് ഒരുവൻ പറയുന്നത് ഉൾക്കൊള്ളുവാൻ എനിക്ക് കഴിയുന്നതല്ല.''

നിരീശ്വര ചിന്തയോടനുബന്ധിച്ച് മനുഷ്യൻ ദൈവത്തെ മറക്കുന്നതിന് പ്രധാനപ്പെട്ട മൂന്ന് കാരണങ്ങൾ ഉണ്ട്. ഒന്നാമതായി അവന്റെ ബലഹീന കണ്ണുകൾക്ക് ആത്മിക ജ്യോതിസ്സ് അപ്രാപ്യമായതിനാൽ മനുഷ്യൻ ദൈവത്തെ വിസ്മരിച്ചെന്നു വരാം. ഇരുട്ടിൽ മാത്രം കണ്ണുകൾ തുറക്കുകയും, വെളിച്ചത്തിന്റെ വരവോടെ കണ്ണുകൾ അടഞ്ഞുപോകുന്ന ചിലതരം പക്ഷികളെപ്പോലെയാണവൻ. വെളിച്ചത്തിന്റെ തകരാറുകൊണ്ടോ, അതിന് ദൃഷ്ടിയില്ലാത്തതിനാലോ അല്ല അങ്ങനെ സംഭവിക്കുന്നത്. പകരം അതിന്റെ കണ്ണുകളുടെ ബലഹീനതയാണ് അതിന് കാരണമാകുന്നത്. ദൈവപ്രഭയെ ഉൾക്കൊള്ളുവാൻ കഴിയാത്തവണ്ണം പാപം നിമിത്തം മനുഷ്യന്റെ ആത്മദൃഷ്ടി കുരുടായിരിക്കുന്നു.

രണ്ടാമതായി; ബുദ്ധിമാന്മാരെന്ന് സ്വയം അഭിമാനിക്കുകയും ഉന്നതമായ വിഷയങ്ങൾ ചിന്തിക്കുന്നു എന്ന ധാരണയിൽ നശ്വരമായ വിഷയങ്ങളിൽ മാത്രം അവരുടെ പഠനം ഒതുങ്ങുകയും ചെയ്യുന്നു. ഒടുവിൽ അവർ ആത്മികാന്ധകാരത്തിലേക്ക് ഇറങ്ങിപോവുകയും പിന്നീട് ഒരിക്കലും ദൈവമഹത്വത്തേയും ദൈവത്തിന്റെ വീണ്ടെടുപ്പിൻ മാഹാത്മ്യത്തേയും

ദർശിക്കുവാൻ കഴിയാത്തവരായി ഇരുളിന്റെ ആഴങ്ങളിൽ ആയിപ്പോവുകയും ചെയ്യുന്നു.

മൂന്നാമതായി; ദൈവത്തെ മറക്കുന്നവർ സാത്താന്റെ അടിമത്തത്തിൽ ആയതിനാൽ ചിന്താസ്വാതന്ത്ര്യം നഷ്ടപ്പെട്ടവരാണ്. ഒരു പരിധിക്കപ്പുറം ചിന്തിക്കുവാൻ സാത്താൻ അവരെ അനുവദിക്കാറില്ല. അതായത് അവരുടെ ദൃഷ്ടിപഥത്തിനപ്പുറമുള്ളതൊന്നിലേക്കും ചിന്തിക്കുവാൻ സ്വാതന്ത്ര്യമില്ലാത്തവരായി അവർ അധഃപതിക്കുന്നു

ബൈബിളിൽ 'എഫെസ്യ ലേഖനത്തിൽ' ദൈവം ഇല്ലാത്തവരെ പ്രത്യാശഇല്ലാത്തവർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ന് കാണുന്നതും ഒരു പക്ഷെ നാളെ കാണാത്തതുമാണ് മനുഷ്യജീവിതമെങ്കിൽ പ്രത്യാശ എന്ന വാക്കിന് അതിൽ കൂടുതൽ അർത്ഥ പരിധികളില്ല. എന്നാൽ നിത്യനായ ദൈവത്തിന്റെ നിത്യതയുമായി ബന്ധപ്പെട്ട ഒരു വാക്കാണ് പ്രത്യാശ എന്നുള്ളത്. പ്രത്യാശ മനുഷ്യ ജീവിതത്തിൽ ഏററവും അധികം വിളങ്ങി നില്ക്കേണ്ടത് ഒരുവന്റെ മരണസമയത്താണ്. പെട്ടന്ന് ഈ ലോകം വിട്ട്പോകേണ്ടിവരുന്ന ഒരു ഘട്ടത്തേക്കാളുപരി മരണത്തിന് അല്പ സമയം മാത്രം അവശേഷിക്കുന്നുള്ളു എന്നറിയുകയും നിത്യമായ ഒരു യാഥാർത്ഥ്യത്തെ തുടർന്ന് അഭിമുഖീകരിക്കുകയും ചെയ്യേണ്ട ഒരു നിലയിൽ നിന്നും പ്രതിഫലിക്കുന്ന പ്രതികരണങ്ങളിൽ നിന്നുമാണ് പ്രത്യാശയുടെ യഥാർത്ഥ അവസ്ഥ അറിയുവാൻ സാധിക്കുന്നത്. ഈ വിഷയത്തിൽ ദൈവത്തെ മറക്കുന്നവർ ഒരു പരാജയമായിരിക്കും.

വില്യം പോപ് പ്രസിദ്ധനായ ഒരു നിരീശ്വര വാദിയായിരുന്നു. ഒരു വിശ്വാസി ദൈവസേവയിൽ എത്രമാത്രം തീഷ്ണതയുള്ളവനായിരിക്കുമോ, അതിന് നേരെ വിപരീതമായി 'ദൈവം ഇല്ല' എന്ന നിഗമനത്തിലും അതിന്റെ പ്രചരണത്തിലും അദ്ദേഹം തീഷ്ണതയുള്ളവനായിരിന്നു. തന്റെ ആശയപ്രചരണയോഗങ്ങളിൽ കാൽ കൊണ്ട് ഒരു ബൈബിറം തട്ടി തെറിപ്പിക്കുക പതിവായിരുന്നു. ദൈവവചനത്തോടുള്ള

പ്രതിഷേധം പ്രകടിപ്പിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. 1797–ൽ മരണക്കിടക്കയിൽ വച്ച് താൻ പറഞ്ഞവസാനിപ്പിച്ചത് ഇപ്രകാരമാണ്; ''ഞാൻ നാശകരമായ കൃത്യം നിർവഹിച്ചു: അതിഭയങ്കരവും നാശകരവുമായ കൃത്യം. എന്നോട് ഒരു വിധത്തിലും ഇടപെടരുതെന്ന് ദൈവത്തോട് പ്രാർത്ഥിക്കുവാൻ എനിക്ക് കഴിയുകയില്ല. ദൈവകരങ്ങളിൽ നിന്നും രക്ഷ ഞാൻ ഏററുവാങ്ങിയിട്ടില്ല. തീയും ഗന്ധകവും കത്തുന്ന തീപൊയ്ക—ആ അഗാധകൂപത്തിനായി ഞാൻ കാത്തിരിക്കുന്നു. ഞാൻ നശിച്ചു കഴിഞ്ഞു എന്ന് ഞാൻ പറയട്ടെ. എനിക്കിനി രക്ഷയില്ല. നരകമല്ലാതെ മറെറാന്നും എനിക്കവശേഷിക്കുന്നില്ല. നിത്യയാതനകളെ കടന്നു വരിക-ദൈവമെ ഞാൻ രക്ഷപ്പെടാതിരിക്കേണ്ടതിനായി എന്റെ പ്രാർത്ഥന കേൾക്കരുതെ! ദൈവം സൃഷ്ടിച്ച എല്ലാററിനെയും ഞാൻ വെറുക്കുന്നു.''

ദൈവത്തെ മറന്നു ജീവിച്ച ഒരുവന്റെ ജീവാവസാന വാക്കുകളാണിവ. ഒരു ആയുസ്സ് മുഴുവൻ ഇതുപറഞ്ഞ് അവസാനിപ്പിക്കുവാനാണോ, ഒരുവന് ലഭിക്കുന്നത്?

ഇംഗ്ലണ്ടിലെ യൂണിവേഴ്സിററികളിൽ നിരീശ്വരത്വം പ്രചരിപ്പിച്ചു നടന്ന ഒരു പിതാവിനെക്കുറിച്ചും മകനെക്കുറിച്ചും കേട്ടിട്ടുണ്ട്. തങ്ങൾക്ക് ലഭിച്ച സമയവും, അവസരവും എല്ലാം ഈ ആശയ പ്രചരണത്തിനായി അവർ വിനിയോഗിച്ചു. ഒടുവിൽ ആ പിതാവ് രോഗബാധിതനായി മരണക്കിടക്കയിലായി. അരികെ നില്ക്കുന്ന മകന് ഒരു ആശങ്ക; ഈ അവസാന സമയത്ത് അയാൾ ദൈവമെ എന്നെങ്ങാനും പറഞ്ഞു പോയെങ്കിൽ! അങ്ങിനെ സംഭവിക്കുവാൻ സാദ്ധ്യത ഉണ്ടെന്ന് അവനറിയാം. അതിനാൽ തന്റെ പിതാവിനെ, ധൈര്യപ്പെടുത്തുവാൻ അവൻ വിളിച്ചു പറഞ്ഞു: 'മുറുകെ പിടിച്ച് കൊൾക, മുറുകെ പിടിച്ചു കൊൾക' ആതായത് തങ്ങൾ ഇതുവരെയും മുറുകെ പിടിച്ചിരുന്ന- 'ദൈവം ഇല്ല' എന്നുള്ള ആശയത്തിൽ–ആ ഇല്ലായ്മയിൽ —മുറുകെ പിടിക്കണം, ഇതായിരുന്നു മകന്റെ ഉപദേശം. നിറകണ്ണുകളോട് കൂടി ആ മനുഷ്യൻ പറഞ്ഞ മറുപടി: 'മുറുകെ പിടിക്കുവാൻ അല്ല ഒന്നുതൊടുവാൻപോലും ഞാൻ യാതൊന്നും കാണുന്നില്ല' എന്നായിരുന്നു. ഇല്ലായ്മയിൽ പിടിക്കുവാൻ ആർക്കും കഴിയു

കയില്ല. അന്ധകാരത്തിലും, നിരാശയിലും ആ ജീവിതം അവസാനിച്ചു. എന്നാൽ ഒരു വിശ്വാസിക്ക് പറയുവാൻ കഴിയുന്നത് നേരെ മറിച്ചാണ്. പൗലോസ്ശ്ലീഹായുടെ അനുഭവം നോക്കുക. തന്റെ യൗവനകാലത്ത് ക്രൈസ്തവ സഭയെ ഉപദ്രവിച്ച് വിശ്വാസികളുടെ പീഡകനും, കുലപാതകനുമായി മുമ്പോട്ട് നീങ്ങി എങ്കിലും യേശുക്രിസ്തുവിന്റെ സ്നേഹത്താൽ പിടിക്കപ്പെട്ട്, ക്രിസ്തു ശിഷ്യനായി, തുടർന്ന് ക്രൈസ്തവ സേവയിൽ മുന്നേറി ധന്യമായി തീർന്ന ജീവിതം അവസാനിക്കാറായപ്പോൾ ആ ക്രിസ്തുഭക്തന് പറയുവാൻ കഴിഞ്ഞു: "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു." ഇന്ന് നിങ്ങൾക്കിങ്ങനെ പറയുവാൻ കഴിയുമോ? ഇന്ന് നിങ്ങളുടെ ജീവിതം അവസാനിക്കുമെങ്കിൽ 'ഞാൻ ആരെ വിശ്വസിക്കുന്നു എന്ന് അറിയുന്നു' എന്ന് പറയുവാൻ നിങ്ങൾക്ക് ആകുമോ?

ഹെൻറി ഹാവ്ലോക്ക്, ബ്രിട്ടീഷുകാർ ഇന്ത്യ ഭരിക്കുന്ന കാലത്ത് ഉയർന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം ഒരു വിശ്വാസിയുമായിരുന്നു. 1857-ലെ ലക്നൗ കലാപത്തിൽ അകപ്പെട്ട് അദ്ദേഹത്തിന് മരണകരമായ മുറിവേററു. താൻ ഈ ലോകം വിട്ട് കടന്നുപോകും എന്ന നിലയിലായപ്പോൾ അദ്ദേഹം തന്റെ മകനെ വിളിച്ചു പറഞ്ഞത്; "മകനേ ഒരു വിശ്വാസിക്ക് എത്രമാത്രം പ്രത്യാശയുള്ളവനായി ഈ ലോകം വിട്ട് കടന്ന്പോകുവാൻ കഴിയും എന്ന് കാണുന്നതിനായി, നീ എന്റെ അരികിലേക്ക് നീങ്ങി നില്ക്കുക" എന്നാണ്. തികഞ്ഞ പ്രത്യാശയോടെ അദ്ദേഹം നിത്യതയിലേക്ക് പ്രവേശിച്ചു. ലോകത്തിന് തരുവാൻ കഴിയാത്ത - ലോകത്തിന് അറിയുവാൻ കഴിയാത്ത സമാധാനവും പ്രത്യാശയും തന്റെ ഭക്തന്മാർക്ക് നല്കുവാൻ ദൈവം എക്കാലത്തും പ്രാപ്തനാണ്.

അതിനാൽ ദൈവത്തെ മറന്നും ദൈവം ഇല്ല എന്ന് നിരൂപിച്ചും നീങ്ങുന്ന ജീവിതം വളരെ അപകടകരമാണ്. തീർച്ചയായും ദൈവത്തിന്റെ പേരിൽ അനേകഅന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ ലോകത്തിൽ നടമാടുന്നുണ്ട്. അവയെ ഒന്നും ന്യാ

യീകരിക്കുകയല്ല. എന്നാൽ ഒരു സത്യാന്വേഷി നോക്കേണ്ടത് മനുഷ്യൻ എന്തു കാണിക്കുന്നു എന്നല്ല. ദൈവം എന്തു പറഞ്ഞിരിക്കുന്നു എന്നാണ്. വന്നു മുട്ടിയാൽ സത്യത്തിന്റെ വാതിൽ അവനുവേണ്ടിയും തുറക്കപ്പെടും.

വിശ്വകവിയായ ജോൺ മിൽട്ടൻ അദ്ദേഹത്തിന്റെ 'പറുദീസാ നഷ്ടം' എന്ന കാവ്യത്തിൽ സാത്താന്റെ ശക്തിയുടെ ഒരു വിവരണം നൽകുന്നുണ്ട്. സാത്താൻ ദൈവത്തിനെതിരായി തന്റെ സകല ശക്തിയും പ്രയോഗിക്കും എന്ന് വമ്പു പറയുമ്പോൾ അതിന് കൊടുക്കുന്ന മറുപടി: "നീ ഊറ്റം കൊള്ളുന്ന ഈ ശക്തി പോലും ദൈവം നിനക്ക് ദാനമായി തന്നതാണെന്ന വസ്തുത വിസ്മരിക്കരുത്" എന്നാണ്. ഇന്നത്തെ നിരീശ്വര വാദികളെ നോക്കി പറയാവുന്നതും ഇതു തന്നെയാണ്. ബുദ്ധികൊണ്ടും, യുക്തികൊണ്ടും അവർ ദൈവം ഇല്ല എന്ന് കണ്ടുപിടിക്കുവാൻ പരിശ്രമിക്കുമ്പോൾ തന്നെ, അവർക്ക് ബുദ്ധിയും, ചിന്താശക്തിയും കൊടുത്തത് ദൈവം ആണെന്ന വസ്തുത അവർ മറക്കുന്നു.

ഈ ചിന്തകൾക്ക് ആധാരമായ 53-ാം സങ്കീർത്തനത്തിൽ 'ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്ന് കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യ പുത്രന്മാരെ നോക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ സങ്കീർത്തനം ആരംഭിക്കുന്നത് 'ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു' എന്ന വാക്യത്തിലാണ്. ബൈബിളിൽ 14—ാം സങ്കീർത്തനവും 53—ാം സങ്കീർത്തനവും ഏകദേശം ഒരു പോലെ തന്നെ രചിക്കപ്പെട്ടവയാണ്. ഒരേ വിഷയത്തിന്റെ രണ്ടു പതിപ്പുകളാണവ. ഉദ്ധരിക്കുവാൻ മതിയായ ഒരു വ്യാഖ്യാനമതിനുണ്ട്. ഒരു മനുഷ്യന്റെ 14-ാം വയസ്സിനോടും, 53-ാം വയസിനോട് മുള്ള സാദൃശ്യമായിട്ടാണ് അത്. ഒരുവന് 14വയസ്സാകുന്നതോടുകൂടി ഗൗരവമായ ലോകജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള തുടക്കമായി. അവൻ ലൗകികതയിൽ തന്നിയെ മുഴുകി ദൈവത്തെ മറക്കുവാനും, ത്യജിക്കുവാനും ഉള്ള സാദ്ധ്യത ഉണ്ടെന്നറിഞ്ഞുതന്നെ ബാല്യത്തിലെ ദൈവവചനത്തിന് അവനെ ഉപദേശിക്കുവാനുള്ളത്, 'ദൈവത്തെ അന്വേഷി

ക്കുക' എന്നാണ്. എന്നാൽ അവൻ അത് കൂട്ടാക്കാതെ മുന്നേറുന്നു. ഉപജീവന ചിന്തകളുടെ—ആശയങ്ങളുടെ—ആദർശങ്ങളുടെ തിരക്കിൽ കാലം കഴിക്കുന്നു. 53 വയസ്സോടുകൂടി ഏർപ്പെട്ടിരുന്നതിൽ നിന്നൊക്കെ വിരമിക്കുന്നതിനുള്ള സമയമായി, തുടർന്ന് സ്വസ്തമായ കാലങ്ങളാണെന്നാണ് പൊതുവെ ധാരണ. വാസ്തവത്തിൽ അത് താത്ക്കാലിക സ്വസ്തതയാണ്. ഈ ലോകത്തിൽ നിന്നും മാററപ്പെട്ട് നിത്യമായ യാഥാർത്ഥ്യത്തിനുനേരെ തന്റെ ജീവിതത്തിനും, ആത്മാവിനും കണക്കുപറയേണ്ട ഒരു ഘട്ടത്തിലേക്കാണ് അവൻ കടക്കുന്നത്. ആ സമയത്തും 53-ാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ അവന്റെ വാർദ്ധക്യാരംഭത്തിലും ദൈവവചനത്തിന് അവനെ ബുദ്ധി ഉപദേശിച്ച് ഓർപ്പിക്കുവാനുള്ളത് ഈ ലോകം വിട്ട് നീങ്ങുന്നതിന് മുമ്പെങ്കിലും 'ദൈവത്തെ അന്വേഷിക്കുക' എന്നാണ്.

"ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" എന്ന വാക്യത്തിന് 'ബുദ്ധിയുള്ളവൻ അത് ഉറക്കെ പറയും' എന്ന ഒരു എതിർവാചകം കേട്ടിട്ടുണ്ട്. വാസ്തവത്തിൽ ദൈവം ഇല്ല എന്ന് മൂഢൻ ഹൃദയത്തിൽ പറയും. എന്നാൽ ഹൃദയമില്ലാത്തവൻ മാത്രം അത് ഉറക്കെ പറയും. ആസ്തികന്റെയും, നാസ്തികന്റെയും—അവിശ്വാസിയുടെയും വിശ്വാസിയുടെയും ഭൂമിയിൽ, അതായത് ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും ഒരുപോലെ മഴ പെയ്യിക്കുകയും ഒരുപോലെ തന്റെ സൂര്യനെ ഉദിപ്പിക്കുകയും ചെയ്യുന്ന ദൈവം പില്ക്കാലത്ത് പാപം നിമിത്തം മനുഷ്യൻ വികൃതമാക്കിയെങ്കിലും മനുഷ്യന്റെ കണ്ണിന് ആനന്ദകരമായ എണ്ണമററ നിറങ്ങളും അവന്റെ ഭോജ്യം ആസ്വാദ്യകരമാകുവാൻ എണ്ണമററ ധാന്യങ്ങളും ഫലവർഗ്ഗങ്ങളും സമൃദ്ധിയായി സൃഷ്ടിച്ച ദൈവം. ആ ദൈവത്തിന്റെ കൈവേലയായ ഭൂമിയിൽ ദൈവദത്തമായി ലഭ്യമായ പാദങ്ങളുമായി സഞ്ചരിച്ച് ദൈവത്തെ സ്തുതിക്കേണ്ട അധരങ്ങളാൽ അങ്ങനെ ചെയ്യുന്നില്ല എന്ന് മാത്രമല്ല പകരം ദൈവം തന്നെ ഇല്ല എന്ന് ഒരുവൻ പറഞ്ഞാൽ ഹൃദയമില്ലാത്തവന് മാത്രമേ അത് സാധിക്കുകയുള്ളു.

അസാന്മാർഗ്ഗികത്വം അവിശ്വാസം എന്ന കിങ്കരന്മാരുടെ

മദ്ധ്യ മൗഢ്യതയുടെ സിംഹാസനത്തിൽ ഇരുന്ന് പാപി നടത്തുന്ന പ്രഖ്യാപനമാണ് 'ദൈവം ഇല്ല' എന്നത്.

42-ാം സങ്കീർത്തനം ആരംഭിക്കുന്നത് ഇങ്ങനെയാണ് 'മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമെ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു "എന്റെ ആത്മാവ് ജീവനുള്ള ദൈവത്തിനായി ദാഹിക്കുന്നു" എന്ന് തുടർന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാനിനെ സൃഷ്ടിച്ച ദൈവം അതിനുവേണ്ടി നീർത്തോടുകളും സൃഷ്ടിച്ചിട്ടുണ്ട്. ലോകത്തിലാർക്കും മാനിനെ ദാഹശമനത്തിനായി നീർത്തോടുകളിലേക്ക് ചെല്ലുവാൻ പഠിപ്പിക്കേണ്ട ആവശ്യമില്ല' ദൈവദത്തമായ സ്വാഭാവികതയാൽ തന്നെ അത് നീർത്തോടുകൾ കണ്ടെത്തി അതിന്റെ ആവശ്യം നിറവേററുന്നു. എന്നാൽ ആത്മീക ദാഹം അനുഭവിക്കുന്ന മനുഷ്യനാകട്ടെ അതിന്റെ ശമനത്തിനായി അവന്റെ സൃഷ്ടാവായ ദൈവത്തിന്റെ സന്നിധാനത്തിലേക്ക് വരുന്നില്ല. പലപ്പോഴും അവനെ അത് പഠിപ്പിക്കേണ്ടതായി വരുമ്പോൾ മനുഷ്യൻ പാപം മുഖാന്തരം മൃഗത്തേക്കാൾ അധഃപതിച്ചിരിക്കുന്നു എന്ന് തെളിയിക്കപ്പെടുന്നു.

'ദൈവത്തെ മറക്കുന്നവർ' എന്ന തലക്കെട്ടിൽ നിരീശ്വരവാദികൾ മാത്രമല്ല വരുന്നത്. തങ്ങളുടെ ആത്മാവിനെക്കുറിച്ചുള്ള ദൈവഹിതത്തിൽ വ്യക്തതയില്ലാതെ ബാഹ്യക്ഷേത്രമായി, ഭൗതിക നേട്ടത്തിനുവേണ്ടി മാത്രം ദൈവവിഷയത്തെ കണക്കാക്കുന്നവരും ലളിതമായ രക്ഷാമാർഗ്ഗത്തെ ഉൾക്കൊള്ളുവാൻ കഴിയാത്തവരായി സ്വന്തം പ്രവൃത്തികളിലാശ്രയിച്ച് ജീവിക്കുന്നവരും-അങ്ങനെ വിവിധ നിലകളിൽ ദൈവത്തെ മറക്കുന്ന മനുഷ്യന്റെ ചിത്രമാണ് ലോകത്തിൽ കാണുന്നത്.

## —മനുഷ്യനെ മറക്കാത്ത ദൈവം—

ദൈവത്തെ മനുഷ്യൻ മറക്കുന്നുവെങ്കിലും മനുഷ്യനെ ദൈവം മറക്കുന്നില്ല. മനുഷ്യന്റെ താഴ്ചയിൽ അവനെ ഓർക്കുന്ന ദൈവത്തെയാണ് ബൈബിളിൽ വെളിപ്പെടുത്തുന്നത്.

ബൈബിളിൽ 'ഉല്പത്തി' പുസ്തകത്തിൽ യോസെഫ് എന്ന വ്യക്തിയുടെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വിശ്വാസികളുടെ പിതാവെന്നറിയപ്പെടുന്ന അബ്രഹാമിന്റെ മകനായ യിസഹാക്കിന്റെ മകനായ യാക്കോബിന്റെ പന്ത്രണ്ട് ആൺമക്കളിൽ ഒരുവനായിരുന്നു യോസേഫ്. നിർഭാഗ്യവശാൽ തന്റെ സഹോദരന്മാരാൽ ത്യജിക്കപ്പെട്ട് ഈജിപ്ഷ്യൻ വ്യാപാരികൾക്ക് വില്ക്കപ്പെട്ട യോസെഫിന് ആദ്യനാളുകളിൽ വളരെയധികം കഷ്ടങ്ങളിൽകൂടെ കടന്നുപോകേണ്ടി വന്നു. എന്നാൽ ഈജിപ്തിനെ നേരിടുവാൻ പോകുന്ന ഏഴു വർഷത്തെ കഠിന ക്ഷാമത്തെക്കുറിച്ചും അതിന് കൈക്കൊള്ളേണ്ട പ്രതിവിധിയെക്കുറിച്ചും രാജാവായ ഫറവോന് മുന്നറിയിപ്പ് നല്കി രാജ്യത്തെ രക്ഷിക്കുവാൻ ഒരു അപൂർവ്വ അവസരം ദൈവനിയോഗത്താൽ യോസെഫിന് ലഭിച്ചു. പ്രത്യുപകാരമായി ഫറവോനാൽ യോസെഫ് അംഗീകരിക്കപ്പെടുകയും രാജ്യത്തെ രണ്ടാമൻ എന്ന ഉന്നതസ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും ചെയ്തു. ആ കാലങ്ങളിലും പിന്നീടും യോസെഫിനെ കൂടാതെ ഈജിപ്തിന്റെ ചരിത്രം എഴുതുക അസാദ്ധ്യമായിരുന്നു. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ യോസെഫിനെക്കുറിച്ച് ഇങ്ങനെയും ഒരു പരാമർശം ബൈബിളിൽ പുറപ്പാടു പുസ്തകത്തിന്റെ പ്രാരംഭ വാക്യങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്-'അനന്തരം യോസെഫിനെ അറിയാത്ത പുതിയൊരു രാജാവ് ഈജിപ്തിൽ ഉണ്ടായി' എന്നാണത്. യോസെഫിനെ അറിയാത്ത—യോസെഫ് ഈജിപ്തിനു ചെയ്ത നന്മ അറിയാത്ത—ഈജിപ്തിന്റെ ചരിത്രം അറിയാത്ത—പുതിയ ഈജിപ്ഷ്യൻ രാജാവ്.

നിങ്ങളുടെ ധനം, പദവി, പ്രശസ്തി—ഇതെല്ലാം ഒരു പരിധി വരെ നല്ലതായിരിക്കാം. അതെല്ലാം എത്രതന്നെ ഉന്നതമായിരുന്നാലും ലോകം ഒരു നാൾ നിങ്ങളെ വിസ്മരിച്ചെന്നു വരാം. ഇന്ന് നിങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഭൂമി ഒരു നാൾ മാറുകീറി നിങ്ങളെ അമർത്തിവെക്കുകയും, അതിന്റെ മുകളിൽ കൂടി നിങ്ങളെ വിസ്മരിച്ചുകൊണ്ട് തലമുറകൾ കടന്നുപോയെന്നുവരാം. ലോകം നിങ്ങളെ മറക്കും. എന്നാൽ മനുഷ്യനെ മറക്കാത്തവൻ അവന്റെ സ്രഷ്ടാവായ ദൈവം മാത്രമാണ്.

ബൈബിളിൽ 136—ാം സങ്കീർത്തനത്തിൽ "നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്" ...എന്ന ഒരു വാക്യം ഉണ്ട്. മനുഷ്യന്റെ താഴ്ചയിൽ ദൈവം അവനെ മറക്കാതെ ഓർത്തു എന്നാണതിന്റെ സാരം. മനുഷ്യന്റെ താഴ്ച എന്നിവിടെ വിവക്ഷിക്കുന്നത് സാമൂഹ്യ പ്രശ്നങ്ങളോ, ദാരിദ്ര്യമോ അല്ല. സാക്ഷാൽ മനുഷ്യന്റെ താഴ്ച എന്നത് 'പാപം', 'മരണം'-ഇവയാണ്. ആദ്യ മനുഷ്യന്റെ അവിശ്വാസത്തിന്റെയും അനുസരണക്കേടിന്റെയും ഉല്പന്നങ്ങളായി സാത്താനാൽ ലോകത്തിൽ പ്രവേശിച്ച 'പാപവും' 'മരണവും' സകല മനുഷ്യരിലും വ്യാപരിക്കുന്ന 'പാപവും', മരണവും', അതിനെയാണ് മനുഷ്യന്റെ താഴ്ച എന്ന് പറയുന്നത്. സ്വർഗ്ഗീയ വിശുദ്ധിക്ക് ചേരാത്തതും സ്വർഗ്ഗീയ നിഘണ്ടുവിൽ സ്ഥാനം പിടിക്കുവാൻ കഴിയാത്തതുമായ പദങ്ങൾ. സ്വർഗ്ഗത്തിന് ഓർക്കുവാൻ കഴിയാത്തതും, ഓർക്കേണ്ടതല്ലാത്തതുമായ രണ്ടു പദങ്ങൾ. എന്നാൽ മനുഷ്യനോടുള്ള സ്നേഹത്തിന്റെ ആധിക്യം നിമിത്തം ദൈവത്തിന് അവനെ ഓർക്കേണ്ടതായി വന്നപ്പോൾ പാപത്തിനും മരണത്തിനും പരിഹാരം വരുത്തേണ്ടതായി വന്നു.

കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷണ്യ വേലക്ക് എതിരായി സാത്താൻ അപവാദങ്ങൾ ഉയർത്തുന്നുണ്ട്. സാത്താന്റെ ശക്തികളായ പാപത്തിനും മരണത്തിനും അറുതിവരും എന്നതിലാണത്. യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണ—പുനരുദ്ധാനം ഇവയിലേക്ക് ഒന്ന് കണ്ണോടിക്കുക! മനുഷ്യനെ മറക്കാതെ പാപത്തിൽ നിന്നും മരണത്തിൽ നിന്നും അവനെ ഉദ്ധരിക്കുവാൻ താഴ്മ ധരിച്ച ദൈവപുത്രൻ പാപത്തിനും, മരണത്തിനും പരിഹാരം വരുന്നതിലൂടെ മാത്രമെ മനുഷ്യന്റെ മോചനം പൂർത്തിയാകുകയുള്ളു എന്നതിനാൽ-മനുഷ്യൻ ജഡരക്തങ്ങളോടുകൂടി വന്ന് പാപം ഒഴികെ സർവ്വത്തിലും മനുഷ്യന് തുല്യമായി പരീക്ഷിക്കപ്പെട്ട്-സർവ്വലോകത്തിന്റെയും പാപം വഹിക്കുന്ന കുഞ്ഞാടായി, മനുഷ്യൻ അനുഭവിക്കേണ്ട ന്യായവിധി എല്ലാം സ്വയം ഏററുവാങ്ങി കാൽവരി ക്രൂശിൽ അതിന് കണക്കുപറഞ്ഞ നിമിഷങ്ങളിലേക്ക് നോക്കുക! ആറുമണിക്കൂർ നേരത്തെ അതിഭീകരമായ കഷ്ടത താൻ ആ ക്രൂശിൽ അനുഭവിച്ചു. ആറായിരം വർഷങ്ങ

ളായി മനുഷ്യൻ ചെയ്തുകൂട്ടിയ പാപങ്ങൾക്കെല്ലാം ക്രിസ്തു കണക്കുപറയുന്ന നിമിഷങ്ങൾ. നസറായനും തൻെറ മാർഗ്ഗവും ഇതോടുകൂടി അവസാനിച്ചു എന്ന് യിസ്രായേൽ പ്രഭുക്കന്മാരും പുരോഹിതന്മാരും കരുതി. യേശുക്രിസ്തുവും തൻെറ രാജ്യവും, സുവിശേഷവും എല്ലാം ഈ ക്രൂശിൽ അസ്തമിച്ചെന്ന് റോമാ ഗവൺമെൻറ് കരുതി. എന്നാൽ അവിടെ അസ്തമിച്ചത് നസറായനായ യേശുക്രിസ്തുവും തൻെറ സുവിശേഷവും ആയിരുന്നില്ല. മനുഷ്യൻെറ താഴ്ചയായ പാപത്തിനും മരണത്തിനും ക്രൂശിൽ പരിഹാരമുണ്ടായി. അത് നീതിയുടെ ഉദയമായി തീർന്നു.

ആ സമയത്ത് യേശുക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളന് രക്ഷക്കായി തന്നിൽ വിശ്വസിക്കുവാൻ കഴിഞ്ഞു. ദൈവത്തെ മറക്കുന്ന മനുഷ്യൻെറ പ്രതിനിധിയായി, ഒരു കാലത്ത് ദൈവത്തെ മറന്ന് ജീവിച്ചവൻ എങ്കിലും ഈ ആസന്നഘട്ടത്തിൽ, താനോ ന്യായമായി ശിക്ഷ അനുഭവിക്കുന്നു എന്നും ക്രസ്തുവോ അരുതാത്തതൊന്നും ചെയ്തിട്ടില്ല എന്നു ബോദ്ധ്യമായെന്ന് മാത്രമല്ല ക്രസ്തുവിൽ തൻെറ രക്ഷകനെ കണ്ടെത്തി, അവൻ ആവശ്യപ്പെട്ടത് 'യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെകൂടി ഓർക്കേണമെ' എന്നാണ്. ദൈവം മറന്നാൽ പിന്നെ ഓർക്കുവാൻ ആരും കാണുകയില്ല എന്ന ചിന്ത അവനെ ഭരിച്ചേക്കാം. വിശ്വാസത്താൽ ആ കഴ്ച കാണുവാൻ സാധിക്കും. തൻെറ രണ്ടു കരങ്ങളും ബന്ധിക്കപ്പെട്ടിരുന്നുവെങ്കിലും രക്ഷക്കായി വിശ്വാസത്തിൻ കരമുയർത്തിയ ആ പാപിയുടെ കരങ്ങളിൽ ദൈവപുത്രൻ സ്പർശിക്കുകയും അവനെ പരദീസയിലേക്ക് ആനയിക്കുകയും ചെയ്തു. പാപം നിമിത്തം ആദ്യ പാപിയെ ഏദൻ പരദീസയിൽ നിന്നും കൈപിടിച്ച് പുറത്താക്കിയ ദൈവം, കാൽവറി ക്രൂശിൽ 'പാപത്തിനും, മരണത്തിനും' പരിഹാരമായ പ്രായശ്ചിത്ത ബലി നിർവഹിച്ച് മനുഷ്യനെ തിരികെ പരദീസയിലേക്ക് പ്രവേശിപ്പിക്കുന്ന ധന്യമുഹൂർത്തമാണ് ക്രൂശിൽ കാണുന്നത്.

വിശ്വസിക്കുന്നവർക്ക് അവൻ തൻെറ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം ക്രസ്തുവിനെ പരസ്യമായി

നിർത്തിയിരിക്കുന്നു എന്ന് ബൈബിൾ പറയുന്നു.

യേശുക്രിസ്തു അനുഭവിച്ച പീഡാനുഭവങ്ങളുടെയും ക്രിസ്തുവിൽ വിശ്വസിക്കണമെന്ന് പറയുന്നതിന്റെയും പ്രസക്തി എന്താണെന്ന് ഒരുപക്ഷേ നിങ്ങൾ ചോദിച്ചേക്കാം മാനുഷിക നീതിയിൽപോലും ചെയ്ത കുററത്തിന് നീതി പൂർവ്വമായ വിധി വന്നുകഴിഞ്ഞാൽ അത് ക്ഷമായാചനകൊണ്ടോ, സൽപ്രവർത്തികൾകൊണ്ടോ പരിഹരിക്കപ്പെടുവാൻലോക കോടതികൾ പോലും ഒരു കാലത്തും സമ്മതിക്കയില്ല. പാപം ചെയ്യുന്ന ദേഹി മരിക്കുമെന്നും, നിയമിക്കപ്പെട്ട ന്യായവിധി അവന്റെമേൽചൊരിയപ്പെടും എന്ന ദൈവികകോടതിയിലെതീർപ്പിനെ ക്ഷമായാചനകൊണ്ടോ, സൽപ്രവർത്തികൾകൊണ്ടോ ആർക്ക് പരിഹരിക്കുവാൻ കഴിയും? പാപിയായ ആർക്കും വീട്ടുവാൻ കഴിയാത്ത പാപക്കടം പാപമില്ലാത്ത പരിശുദ്ധനായ ദൈവപുത്രൻക്രൂശിലെയാഗത്താൽവീട്ടിതീർത്തിരിക്കുന്നു രക്ഷവിശ്വാസത്താൽ സ്വീകരിക്കുക മാത്രം മനുഷ്യന്റെ കടമയാകുന്നു. ഇത്ര വലിയ രക്ഷയെ അവഗണിച്ച് ദൈവത്തെ മറന്ന് മുമ്പോട്ട് നീങ്ങുന്നവർക്കെതിരെ തിരുവചനത്തിൽ 50-ാം സങ്കീർത്തനത്തിലൂടെ രേഖപ്പെടുത്തിയിരിക്കുന്നത്: "ദൈവത്തെ മറക്കുന്നവരെ ഇത് ഓർത്തുകൊൾവിൻ, ഞാൻ നിങ്ങളെ കീറിക്കളയും വിടുവിപ്പാൻ ആരും ഉണ്ടാകയില്ല" എന്ന മുന്നറിയിപ്പാണ്.

നിങ്ങൾക്കാവശ്യം—ഭൂതകാല പാപങ്ങളുടെ മോചനമാണെങ്കിൽ വർത്തമാനകാല പാപങ്ങളുടെ ശുദ്ധീകരണമാണെങ്കിൽ, ആത്മിക വിശുദ്ധിയുടെ സുരക്ഷിതമായ ഭാവിയാണെങ്കിൽ–ക്രിസ്തുവിൽ വിശ്വസിക്കുക. ബൈബിൾ പറയുന്നത് "ക്രിസ്തു നിങ്ങളെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ' എന്നത്രെ. യേശു ക്രിസ്തുവിന് രക്ഷിപ്പാൻ കഴിയുന്നതിനപ്പുറമായി നിങ്ങളുടെ സ്ഥിതിയൊ പാപത്തിന്റെ കഠിനതയോ ആയിരിക്കുന്നില്ല എന്ന് ഓർക്കുക!

നിങ്ങളുടെ രക്ഷക്കായുള്ള ദൈവശബ്ദം ഇന്ന് തിരിച്ചറിഞ്ഞുവെങ്കിൽ ഹൃദയത്തെ ഇനിയും കഠിനമാക്കരുത്. 29-ാം സങ്കീർത്തനത്തിൽ ദൈവശബ്ദത്തിന്റെ സാദ്ധ്യതകൾ വിവരിക്കുന്നുണ്ട്. അതിൽ ഒരു ഭാഗത്ത് ദൈവത്തിന്റെ ശബ്ദം വന

ങ്ങളെ തോലുറിക്കുന്നു എന്ന് പറയുന്നു. ദൈവത്തിൻെറ ശബ്ദം പാപത്തിൻെറ വനങ്ങളെ അനാവൃതമാക്കി അതിൽ പതിയിരിക്കുന്ന പ്രാകൃതനായ പാപിയെ പുറത്തുകൊണ്ടുവന്ന് ആത്മിക മനുഷ്യനാക്കി മാററുന്നു. ഇന്ന് നിങ്ങൾക്കുവേണ്ടത് ഈ ആത്മിക രൂപാന്തരമാണ്. പഴയതു കഴിഞ്ഞു പോയി, ഇതാ ഞാൻ സർവ്വവും പുതുതാക്കുന്നു, എന്ന ദൈവവാക്കിൻ പ്രകാരം സംഭവിക്കേണ്ട ഹൃദയാംഗമമായ രൂപാന്തരം. പാപത്തിൻെറയും, മരണത്തിൻെറയും അടിമത്തത്താൽ നിലവിലുള്ള അരിഷ്ടതാവസ്ഥയെക്കുറിച്ച് മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ' വിശ്വസിക്കുന്ന ഏവനും' പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കും മരണത്തിൽ നിന്ന് നിത്യജീവനിലേക്കും പ്രവേശിക്കും.

വിശ്വ സാഹിത്യകാരനായ ജോൺ ബനിയൻെറ ലോക പ്രസിദ്ധമായ' പരദേശി മോക്ഷയാത്ര' എന്ന കൃതിയിൽ ഒരു മനുഷ്യൻെറ കഥ ചിത്രീകരിക്കുന്നുണ്ട്. വലിയൊരു ഭാണ്ഡക്കെട്ട് ആ മനുഷ്യൻെറ ചുമലിൽ ഉണ്ട് അതിൻെറ അതിഭാരത്താൽ അവൻ കൂനിയാണ് നടക്കുന്നത്. പാപഭാരം മനുഷ്യനെ എത്രമാത്രം കഷ്ടപ്പെടുത്തുന്നു എന്നതിൻെറ ഉദാഹരണമാണ് ആ വ്യക്തി. ആ സമയത്ത് ആ മനുഷ്യന് ലഭിച്ച തിരുവചന സന്ദേശം: 'പാപം നിമിത്തം, മരണവും ന്യായവിധിയും നിൻെറ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു' എന്നതാണ്. അത് കേട്ടമാത്രയിൽ ആ മനുഷ്യൻ നിലവിളിച്ചു; മരിക്കുവാൻ ഞാൻ ഒരുക്കമല്ല. ന്യായവിധിക്ക് ഞാൻ അശക്തനുമാണ്.

ഈ കഥാംശം ഇങ്ങനെ നില്ക്കുമ്പോൾ തന്നെ നിങ്ങളോട് ഞാൻ ചോദിക്കട്ടെ, മരണവും ന്യായവിധിയും നിങ്ങൾക്കായി ദൈവം നിയമിച്ചിരിക്കുന്നു എന്ന തീർപ്പിൻമേൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നിങ്ങൾ ആര് തന്നെ ആയിക്കൊള്ളട്ടെ, ഒരു മനുഷ്യൻ എന്ന നിലയിൽ ഈ ദൈവവാക്കിൽ നിന്നും ആരും വിമുക്തനല്ല ഇന്ന് നിങ്ങളിലെ ആത്മാവിനെ ദൈവം തിരികെ ചോദിക്കുന്ന ഒരു ഘട്ടം വന്നാൽ ആ കഥയിലെ മനുഷ്യനെപ്പോലെ മരിക്കുവാൻ നിങ്ങൾ ഒരുക്കമാണൊ? ഒരുക്കമാണെങ്കിൽ തന്നെ ന്യായവിധിക്ക് നിങ്ങൾ ശക്തനാണോ? ജീവിതത്തിൻെറ വൈഷമ്യങ്ങളിൽ കൂടി കടന്ന്, സ്വാസ്

തയില്ലാതെ, നെരിപ്പോടിന് സമം വെന്തെരിയുന്ന ഹൃദയാനുഭവത്തിലുള്ളവർഉണ്ട്. എന്നാൽ അതെല്ലാം ഒരുവൻെറ മരണത്തോടു കൂടിയെങ്കിലും അവസാനിക്കും. എന്നാൽ നിങ്ങളുടെ കാതലായ പ്രശ്നമായ പാപത്തിന് പരിഹാരം വരാതെ ജീവിതം അവസാനിച്ചാൽ ശിക്ഷാവിധിയും അനുഭവിക്കേണ്ടതായിവരും. അത് താങ്ങാവുന്നതിലും അപ്പുറമായിരിക്കും. നരകം എന്തു തന്നെ ആയികൊള്ളട്ടെ, ദൈവമില്ലാത്ത, പ്രത്യാശയില്ലാത്ത, പാപക്ഷമയില്ലാത്ത ഒരു സ്ഥാനത്ത് പതിക്കും.

മുൻ പറഞ്ഞ കഥയിലേക്ക് മടങ്ങി വരട്ടെ! മരണവും, ന്യായവിധിയും നിനക്കായി നിയമിച്ചിരിക്കുന്നു എന്ന് കേട്ട മാത്രയിൽ രക്ഷപ്രാപിക്കാൻ ഞാൻ എന്തു ചെയ്യേണം'? എന്ന് ആ മനുഷ്യൻ നിലവിളിക്കുവാൻ തുടങ്ങി. ആ കഥയിൽ ഭാവന ചെയ്യുന്ന പ്രകാരം അതുവഴി കടന്നുവന്ന ഒരു സുവിശേഷകൻ ദൂരെ ഒരു മല കാണിച്ച് അവിടെ ഉയർത്തപ്പെട്ട കുരിശും അതിൻെറ പൊരുളും വിവരിച്ചു, പാപത്തിനും, മരണത്തിനും പരിഹാരം വരുത്തിയ സ്ഥാനം, പാപിയുടെ പ്രതിനിധിയായി മരണം വരിച്ച് ഉയർത്തെഴുന്നേററവനായ യേശുക്രിസ്തുവിനെ കർത്താവും, സ്വന്തരക്ഷിതാവുമായി ഹൃദയപൂർവ്വം വിശ്വസിച്ച് സ്വീകരിക്കുന്ന ആർക്കും അതിൻെറ അനുഗ്രഹത്തിൽ പ്രവേശിക്കാം. ആ മനുഷ്യൻ ഹൃദയപൂർവ്വം സത്യത്തെ അംഗീകരിച്ചു. യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച്, ക്രിസ്തുവിൽ വിശ്വസിച്ചു. അതല്ലാതെ മററൊന്നും അവന് മാർഗ്ഗമായി അവശേഷിക്കുന്നില്ലായിരുന്നു. പുതിയ ജീവൻ പ്രാപിച്ച ആ നിമിഷം തന്നെ തൻെറ ചുമലിൽ ഭാരമായിരുന്ന പാപത്തിൻെറ ഭാണ്ഡകെട്ട് താഴെ ഒരു ശവക്കുഴിയിലേക്ക് ഉരുണ്ടുവീണു് മറഞ്ഞു. പിന്നെ അതു കണ്ടില്ല. ആ മനുഷ്യൻ നിവർന്ന് നിന്നു.

ദൈവം മനുഷ്യനെ മറക്കുന്നില്ല എന്നതിന് ക്രൂശിലും വിലയ ഒരു തെളിവ് ആവശ്യമില്ല. ആ ദൈവ സ്നേഹത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്ന് കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രൻമാരെ നോക്കുന്നു. അന്വേഷിക്കുന്ന ഏവനും കണ്ടെത്താവുന്ന വിധം ക്രൂശിൽ മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേററവനായ യേശുക്രിസ്

തുവും, തൻെറ സുവിശേഷവും പരസ്യമായി ഇന്നും നിലകൊള്ളുന്നു.

കലാകാരനായ ഒരു മനുഷ്യൻ അദ്ദേഹത്തിൻെറതായി ഒരു വീട് പണിതു. അതിന് ചായം തേക്കുന്ന ചുമതല താൻ തന്നെ നിർവ്വഹിച്ചുകൊണ്ടിരുന്നു. യാദൃശ്ചികമായി ആ ഭവനത്തിൻെറ ഉള്ളിൽ അഗ്നിബാധയുണ്ടായി. തീനാളങ്ങൾ പുറത്തേയ്ക്ക് കാണുവാൻ തുടങ്ങി. ഒരു നിമിഷനേരത്തേക്കെങ്കിലും ആ മനുഷ്യൻ അതറിയാതെ തൻെറ സ്വപ്നസൗധത്തിൻെറ പുറംവാതിൽ ചായം തേച്ച് മനോഹരമാക്കുന്നതിൽ മുഴുകിയിരുന്നു. എന്നാൽ അപകടം അറിഞ്ഞ നിമിഷം തന്നെ രക്ഷാസേനയെ അന്വേഷിച്ച് അയാൾ പാഞ്ഞു.

ഏതൊരു മനുഷ്യൻെറയും ഉള്ളിൽ ഒരാത്മാവുണ്ട്. പാപം നിമിത്തം അതിൽ ന്യായവിധിയുടെ തീനാളങ്ങൾ പടർന്നുപിടിച്ചിരിക്കുന്നത് കാണാം. ഒരു നിമിഷം ജീവൻ ഒന്ന് നിലച്ചാൽമതി ആ നിത്യയാഥാർത്ഥ്യത്തിൽ മനുഷ്യൻ പതിക്കും. എന്നാൽ അറിഞ്ഞോഅറിയാതെയോ അനേകർ തങ്ങളുടെ ജഡത്തെ ചായംതേച്ചു മോടിപിടിപ്പിക്കുന്ന തിരക്കിൽ അകപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ ആപത്ഘട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്നതിനുള്ള വിവേകം നിങ്ങൾക്ക് 'ഉണ്ടാകട്ടെ നിങ്ങളുടെ രക്ഷാസ്ഥാനമായ കാൽവറി ക്രൂശിലേയ്ക്ക് ഓടുക. ക്രൂശിൽ ക്രിസ്തുവിൻെറ അടുക്കലേയ്ക്ക് ചെല്ലുക. അവിടെ നിന്നും വീഴുന്ന ചോരതുള്ളികൾ നിങ്ങളുടെ ഉള്ളിലുള്ള ന്യായവിധിയുടെ തീനാളങ്ങളെ കെടുത്തുവാൻ ശക്തമാണ്!